**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4792** **13-03-2023 - ൽ മറുപടിയ്ക്ക്**

**നഗരങ്ങളിലെ കുടിവെള്ള പദ്ധതിക്ക് എ.ഡി.ബി. വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഏഷ്യൻ ഡെവലപ്മെൻറ് ബാങ്ക് വായ്പ ഉപയോഗിച്ച് കേരളത്തിലെ നഗരപ്രദേശങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് 2017-ൽ സർക്കാർ ധാരണയിൽ എത്തിയിരുന്നോ; | (എ) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെൻറ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.<br><br>19/12/2017 ന് നടന്ന Department of Economic Affairs, GoI (DEA) യുടെ 78-ാമത് സ്ക്രീനിംഗ് കമ്മിറ്റി മീറ്റിംഗിൽ, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്ന് രണ്ട് ഘട്ടങ്ങളിലായി 125 ദശലക്ഷം യുഎസ് ഡോളർ വീതമുള്ള, 250 ദശലക്ഷം യുഎസ് ഡോളറിന്റെ സാമ്പത്തിക സഹായത്തിനുള്ള മേൽപ്പറഞ്ഞ പദ്ധതി നിർദ്ദേശം DEA അംഗീകരിച്ചു.<br><br>ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ നൽകിയിട്ടുണ്ട്. ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. വിശദാംശം ഉൾപ്പെടുന്ന പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.<br><br>ADB മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇമ്പ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൽട്ടൻറ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൽട്ടൻസിയെ തിരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും തുടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| (ബി) | ഈ പദ്ധതിക്ക് 2018-ൽ കേന്ദ്രാനുമതിയും 2020-ൽ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയും | (ബി) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ |

| | | | |
|---|---|---|---|
| | ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്കായി കൺസൽട്ടൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | | ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെൻറ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.<br><br>19/12/2017 ന് നടന്ന Department of Economic Affairs, GoI (DEA) യുടെ 78-ാമത് സ്ക്രീനിംഗ് കമ്മിറ്റി മീറ്റിംഗിൽ, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്ന് രണ്ട് ഘട്ടങ്ങളിലായി 125 ദശലക്ഷം യുഎസ് ഡോളർ വീതമുള്ള, 250 ദശലക്ഷം യുഎസ് ഡോളറിന്റെ സാമ്പത്തിക സഹായത്തിനുള്ള മേൽപ്പറഞ്ഞ പദ്ധതി നിർദ്ദേശം DEA അംഗീകരിച്ചു.<br><br>ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ നൽകിയിട്ടുണ്ട്. ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. വിശദാംശം ഉൾപ്പെടുന്ന പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.<br><br>ADB മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇമ്പ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൽട്ടന്റ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൽട്ടൻസിയെ തിരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും തുടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| (സി) | പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ഈ പദ്ധതിയുടെ കാലാവധി 10 വർഷമാണ്. ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും, തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജലശുദ്ധീകരണശാലകളുടെ നവീകരണവും ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>തിരുവനന്തപുരം നഗരത്തിലെ ജലവിതരണ ശൃംഖലയുടെ നവീകരണവും, ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപനശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>ADB മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇമ്പ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൽട്ടൻറ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൾട്ടൻസിയെ തിരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും തുടർ നടപടികൾ പുരോഗമിയ്ക്കുകയും ചെയ്യുന്നു.<br><br>കൊച്ചി കോർപ്പറേഷനിൽ ആദ്യ ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിയ്ക്കുന്ന കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിയ്ക്കലും, വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിയ്ക്കായുള്ള ദർഘാസ് 26.04.2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുള്ളതാണ്. |
| (ഡി) | പദ്ധതിക്ക് വായ്പ അനുവദിക്കുന്നതിനായി എഡിബി മുന്നോട്ടു വച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ് നിബന്ധനകൾ സംബന്ധിച്ച് രേഖയുടെ പകർപ്പ് ലഭ്യമാകുമോ; | (ഡി) | വായ്പ വ്യവസ്ഥകൾ അനുസരിച്ച് കുറഞ്ഞത് 30 % പ്രവർത്തികളെങ്കിലും ദർഘാസ് നടപടികൾ പൂർത്തിയാക്കി അവാർഡ് ചെയ്യുന്ന ഘട്ടം എത്തിയാൽ മാത്രമേ കേരള സർക്കാരിനും കേന്ദ്ര സർക്കാരിനും ADB യുമായി വായ്പ ചർച്ചകളിലേക്ക് കടക്കാൻ കഴിയൂ.<br><br>ഡിസൈൻ, ബിൽഡ്, ഓപ്പറേറ്റ് & മെയിന്റനൻസ് (DBOM) വ്യവസ്ഥയിൽ പത്ത് വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ആദ്യത്തെ 7 വർഷം കൊണ്ട് നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രവൃത്തി കരാറുകാരൻ ഏറ്റെടുക്കുന്നത് മുതൽ പത്ത് വർഷം പദ്ധതി പ്രദേശത്തെ ഓപ്പറേഷൻ & മെയിന്റനൻസ് പൂർണമായും ഈ പ്രവർത്തി ഏറ്റെടുക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.<br><br>ഈ പദ്ധതിയിൽ കുടിവെള്ള വിതരണത്തിന്റെ ചുമതലകരാർ എടുക്കുന്ന കമ്പനിക്ക് ആയിരിക്കുമെങ്കിൽ തന്നെയും മീറ്റർ റീഡിങ് എടുക്കൽ, റവന്യൂ പിരിയ്ക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകൽ എന്നിവ കേരള ജലഅതോറിറ്റി നിർവഹിയ്ക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | ഈ നിബന്ധനകളിൽ കുടിവെള്ള വിതരണത്തിന്റെയും വെള്ളക്കരം പിരിക്കുന്നതിന്റെയും വെള്ളക്കരം വർദ്ധിപ്പിക്കുന്നതിന്റെയും പൂർണ്ണ ചുമതല സ്വകാര്യ കമ്പനിക്ക് കൈമാറണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (ഇ) | വായ്പ വ്യവസ്ഥകൾ അനുസരിച്ച് കുറഞ്ഞത് 30 % പ്രവർത്തികളെങ്കിലും ദർഘാസ് നടപടികൾ പൂർത്തിയാക്കി അവാർഡ് ചെയ്യുന്ന ഘട്ടം എത്തിയാൽ മാത്രമേ കേരള സർക്കാരിനും കേന്ദ്ര സർക്കാരിനും ADB യുമായി വായ്പ ചർച്ചകളിലേക്ക് കടക്കാൻ കഴിയൂ. |

| | | | |
|---|---|---|---|
| | | | ഡിസൈൻ, ബിൽഡ്, ഓപ്പറേറ്റ് & മെയിന്റനൻസ് (DBOM) വ്യവസ്ഥയിൽ പത്ത് വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ആദ്യത്തെ 7 വർഷം കൊണ്ട് നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രവൃത്തി കരാറുകാരൻ ഏറ്റെടുക്കുന്നത് മുതൽ പത്ത് വർഷം പദ്ധതി പ്രദേശത്തെ ഓപ്പറേഷൻ & മെയിന്റനൻസ് പൂർണമായും ഈ പ്രവർത്തി ഏറ്റെടുക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.<br><br>ഈ പദ്ധതിയിൽ കുടിവെള്ള വിതരണത്തിന്റെ ചുമതലകരാർ എടുക്കുന്ന കമ്പനിക്ക് ആയിരിക്കുമെങ്കിൽ തന്നെയും മീറ്റർ റീഡിങ് എടുക്കൽ, റവന്യൂ പിരിയ്ക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകൽ എന്നിവ കേരള ജലഅതോറിറ്റി നിർവഹിയ്ക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (എഫ്) | പദ്ധതിക്കായി ലഭിക്കുന്ന വായ്പ്പാ തുകയും സർക്കാർ വിഹിതവും എത്ര രൂപ വീതം ആയിരിക്കുമെന്ന് അറിയിക്കുമോ; എത്ര ശതമാനം പലിശനിരക്കിലാണ് വായ്പ ലഭ്യമാകുകയെന്നും വ്യക്തമാക്കുമോ? | (എഫ്) | ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ ലഭ്യമാക്കിയിട്ടുണ്ട്. ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് ഈ പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. ഇതിനനുസരിച്ച് 1757.70 കോടി രൂപ ADB വായ്പയായും 753.30 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും ഉൾപ്പെട്ടുത്തിയിരിക്കുന്നു.<br><br>വായ്പ വ്യവസ്ഥകൾ അനുസരിച്ച് കുറഞ്ഞത് 30 % പ്രവർത്തികളെങ്കിലും ദർഘാസ് നടപടികൾ പൂർത്തിയാക്കി അവാർഡ് ചെയ്യുന്ന ഘട്ടം എത്തിയാൽ മാത്രമേ കേരള സർക്കാരിനും കേന്ദ്ര സർക്കാരിനും (DEA), ADB യുമായി വായ്പ ചർച്ചകളിലേക്ക് (ലോൺ നെഗോസിയേഷൻ) കടക്കാൻ കഴിയൂ. കേന്ദ്ര സർക്കാരും, കേരള സർക്കാരും ADB യുമായി ലോൺ നെഗോസിയേഷൻ ചർച്ചകളിലേക്ക് കടന്നാൽ മാത്രമേ അന്തിമമായി പലിശ നിരക്ക് തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

## Abstract

Water Resources Department-KUWSIP-ADB assisted 24x7 Water Supply to Thiruvananthapuram & Kochi cities-Administrative Approval-accorded-Orders issued.

## WATER RESOURCES (WS-B) DEPARTMENT

**G.O.(Ms)No.13/2020/WRD** Dated,Thiruvananthapuram, 07/02/2020

Read 1 Letter No..KWA/PMU/ADB/375/2019 dated 15.07.2019 from the Managing Director, Kerala Water Authority.

2 Letter No.5/15/2017-ADB-1 dated 15.10.2019, from Govt. of Inida, Department of Economic Affairs.

## ORDER

The Managing Director, Kerala Water Authority vide the letter read above, submitted proposal for an amount of Rs.2511 crore to introduce the scheme 24x7 Water Supply System in the cities of Thiruvananthapuram and Kochi (Kerala Urban Water Supply Improvement Project -KUWSIP) with loan assistance from ADB and requested to accord Administrative Approval for implementation of the project. Abstract of the project is as follows:

| | |
|---|---|
| Name of the project | ADB Assisted KUWSIP |
| Project area | Thiruvananthapuram and Cochin Corporations |
| Scope of work | Providing 24x7 WSS in Thiruvananthapuram and Cochin Corporations |
| Project duration | 10 years (7+3) |
| Estimated cost | 2511Crore |
| Loan amount | 1757.7 Cr (70%) |
| State Share | 753.3 Cr (30%) |

2.Government have examined the matter in detail and are pleased to accord Administrative Approval for implementation of the ADB assisted 24*7 Water Supply Project for the cities of Thiruvananthapuram and Kochi at a total outlay of Rs.2511 Crores. Santion.is also accorded to Kerala Water Authority to obtain loan from ADB on the most favourable terms and conditions of repayment. MD KWA is authorized take further steps to approve the loan with DEA, Govt

File No.WS-33/299/2017-WRD

of India at the earliest.

(By order of the Governor)
**DR.B.ASHOK IAS**
**SECRETARY**

To:

The Mananging Director, Kerala Water Authority, Thiruvananthapuram

Govt. of India, Ministry of Finance, Dept. of Economic Affairs, Fund Bank and ADB Division, Room No.268 A, North Block, New Delhi

The Principal Accountant General(Audit/A&E), kerala, Thiruvananthapuram

The finance Department (VidePU-C1/143/217/Fin (E-55492) dated 25.1.2020)

I&PR(Web &New Media Department)

Stock File/ Office copy

Forwarded /By order

Section Officer

copy to:PS to Minister (Water Resources Department)
PA to Secretary, Water Resources Department